ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഇ-ഗവേർണൻസ് പദ്ധതിയായ MISGAO-CCIS Web Application ന്റെ നോഡൽ ഓഫീസറായി എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീ.അജയൻ.വി യെ നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നുള്ള 12.06.2023 തീയതിയിലെ IT-1/2612/2021(iv) നമ്പർ കത്ത് (പകർപ്പ് അന്യത്ര)

**<u>ഉത്തരവ് നമ്പർ. E1-19668/2023/PrHQ; തീയതി : 13-07-2023</u>**

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഇ-ഗവേർണൻസ് പദ്ധതിയായ MISAGO യുടെ ഭാഗമായിട്ടുള്ള CCIS (Court Case Information System) Web Application പദ്ധതി ജയിൽ വകുപ്പിൽ നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജയിൽ വകുപ്പിലെ നോഡൽ ഓഫീസറായി ജയിലാസ്ഥാനകാര്യാലയത്തിലെ എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ.അജയൻ.വിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: ശ്രീ.അജയൻ.വി.
എൽ.ഡി.ടൈപ്പിസ്റ്റ്
ജയിലാസ്ഥാനകാര്യാലയം

പകർപ്പ് : എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

വെബ്സൈറ്റ്

19668/2023

IT-1/12612/2021(iv)

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം,
കേരളം, എറണാകുളം, കൊച്ചി - 682031
ഫോൺ (PABX): 0484 - 2395050, 2395052, 2395078,
ഫാക്സ് : 0484 2394674
ഇമെയിൽ : advocategeneralkerala@gmail.com

പ്രേഷിതൻ
**അഡ്വക്കേറ്റ് ജനറൽ**
കേരളം

തീയതി : 12.06.23

സ്വീകർത്താവ്

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
പൂജപ്പുര,
തിരുവനന്തപുരം-12.

സർ,

വിഷയം : അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം-WEB APPLICATION – COURT CASE INFORMATION SYSTEM (CCIS) –പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിന് കീഴിലെ ഓഫീസുകളിൽ നടപ്പിൽ വരുത്തുന്നത് - സംബന്ധിച്ച്.

*******

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിന്റെ ഇ-ഗവേണൻസ് പദ്ധതി MISAGO യുടെ ഭാഗമായി വകുപ്പ് കാര്യാലയങ്ങൾക്ക് ഉള്ള ആപ്ലിക്കേഷൻ ആയ CCIS (COURT CASE INFORMATION SYSTEM) പ്രവർത്തനസജ്ജമാണ്.

Application URL: https://misago.kerala.gov.in

വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകൾക്ക് ബഹു. കേരളാ ഹൈക്കോടതി, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവ മുമ്പാകെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളെ സംബന്ധിച്ച വിശദാംശങ്ങൾ അറിയുന്നതിന് പുറമെ ഈ വെബ് ആപ്ലിക്കേഷൻ മുഖാന്തിരം ചുവടെ പറയുന്ന സേവനങ്ങളും ലഭ്യമായിരിക്കും.

1. അതാത് ഓഫീസുകൾ കക്ഷിയായ കേസുകളുടെ അടിസ്ഥാനവിവരങ്ങൾക്ക് പുറമെ കോടതി നടപടി ക്രമങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയാം.

2. അത്തരം കേസുകളിലെ ലഭ്യമായ മെമ്മോറാണ്ടം, ഇടക്കാല ഉത്തരവുകൾ, അന്തിമവിധി പകർപ്പുകൾ, എന്നിവ ആവശ്യാനുസരണം ഡൗൺലോഡ് ചെയ്ത് എടുക്കാം.

3. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽനിന്ന് ഓരോ കാര്യാലയത്തിലേയ്ക്കും അയക്കുന്ന കേസ് സംബന്ധമായ എല്ലാ കത്തുകളും ഓൺലൈനായി അതാത് കാര്യാലയങ്ങൾക്ക് ലഭ്യമായിരിക്കും.

4. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന കത്തുകളിൽ മറുപടി ആവശ്യമായവയ്ക്ക് ഓൺലൈനായി തന്നെ മറുപടികത്തും അനുബന്ധ രേഖകളും PDF ഫോർമാറ്റിൽ അപ് ലോഡ് ചെയ്യാവുന്നതാണ്. (ഇങ്ങനെ അപ് ലോഡ് ചെയ്യുന്ന രേഖകൾ അതാത് കേസുകൾ കൈകാര്യം ചെയ്യുന്ന ഈ കാര്യാലയത്തിലെ അസിസ്റ്റന്റിന് ലഭ്യമാകും.)

E
4
20/6/23

5. ലോഗിൻ ചെയ്യുന്ന കാര്യാലയത്തെ സംബന്ധിച്ച് പ്രസക്തമായ കേസ് കണക്കുകൾ ഉൾക്കൊള്ളുന്ന ഒരു ഡാഷ് ബോർഡ് സേവനവും ലഭ്യമായിരിക്കും.

E1
20/6/23

6. User Registration ചെയ്യുമ്പോൾ നൽകുന്ന ഇ-മെയിൽ വിലാസത്തിലേക്ക് ആയിരിക്കും ഈ കാര്യാലയത്തിൽ നിന്നും കേസ് സംബന്ധമായ communication/intimations നൽകുന്നത്. കൂടാതെ

കോടതിയലക്ഷ്യകേസുകളിലും മറ്റും ഏതെങ്കിലും ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരാകാൻ ബഹു. കോ ഉത്തരവിട്ടാൽ ബന്ധപ്പെട്ട ഓഫീസിന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്ക് SMS ഇന്റിമേ ലഭിക്കുന്നതിനും സംവിധാനം ഉണ്ടാകും. (ഓഫീസ് രജിസ്ട്രേഷൻ വേളയിൽ ഉപയോഗത്തി E-mail id-യും Mobile No.-ഉം പൂർണ്ണമായ പോസ്റ്റൽ മേൽവിലാസവും നൽകു ശ്രദ്ധിക്കേണ്ടതാണ്.)

Department User Registration ചെയ്യുമ്പോൾ ഓഫീസുകളുടെ പട്ടികയിൽനിന്ന് ശരിയാ ഓഫീസ് തന്നെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു ഓഫീസിന്റെ കേസ് വിവരങ്ങളായിരിക്കും ഡാഷ്ബോർഡിൽ ലഭിക്കുക. രജിസ്ട്രേഷൻ വേളയിൽ ഏതെങ്കിലും ഓഫീസിന്റെ പേര് ലിസ്റ്റിൽ കാണാതിരിക്കുകയോ, ഇരട്ടിപ്പ് ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ അത് misago.errorreporting@gmail.com എന്ന ഇമെയിലിലോ 0484-2564601 എന്ന ഫോൺ നമ്പറിലോ അറിയിച്ച് അപാകത പരിഹരിച്ചശേഷം രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്.

രജിസ്ട്രേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന കാര്യാലയങ്ങൾക്ക് രജിസ്റ്റർ ചെയ്ത ഓഫീസ് Email -ൽ password ലഭ്യമാകുന്നതാണ്. ലോഗിൻ ചെയ്യുന്ന ഓഫീസിന് User Management ➡ set Reporting Office മുഖേന അവരുടെ Reporting Office ഏതെന്ന് Map ചെയ്യാവുന്നതാണ്. ഇതുവഴി മേലാഫീസുകൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകൾ കക്ഷിയായ കേസുകളുടെ സ്ഥിതി വിവരങ്ങൾ അറിയുന്നതിനും മേൽനോട്ടം നടത്തുന്നതിനും സാധിക്കുന്നതാണ്. User Registration ചെയ്ത് കാര്യാലയ മേധാവിക്ക് അതേ കാര്യാലയത്തിലെ മറ്റ് ഓഫീസർമാർക്ക് ആവശ്യമെങ്കിൽ 'Office User' login അനുവദിക്കാവുന്നതാണ്.

User Registration പ്രക്രിയ പൂർത്തീകരിക്കുന്നതിന് സഹായകമായ Manual ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വെബ് ആപ്ലിക്കേഷൻ ഹോം പേജിലും ഈ മാന്വൽ ലഭ്യമാണ്. CCIS User Registration സംബന്ധമായ സംശയ ദൂരീകരണത്തിന് അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിന്റെ ഐ.ടി. വിഭാഗത്തെ 0484-2564601 എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. 01.08.2023 മുതൽ ഈ കാര്യാലയത്തിൽനിന്ന് ഓൺലൈൻ ലഭിക്കുന്ന കത്തുകളുടെ മറുപടി COURT CASE INFORMATION SYSTEM (CCIS) മുഖേന കൂടെ നൽകേണ്ടതും ആയതിന്റെ E-mail /Post Copy കൂടെ അയക്കേണ്ടതുമാണ്. Online -ൽ മറുപടി ലഭിക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്ന മുറയ്ക്ക് Email/post copy ഒഴിവാക്കുന്നതാണ്.

താങ്കളുടെ <u>വകുപ്പിന് കീഴിലെ എല്ലാ കാര്യാലയങ്ങൾക്കും</u> നിശ്ചിത തീയതിക്കകം MISAGO - CCIS Web Application -ൽ Office Registration പൂർത്തീകരിക്കുന്നതിനും പ്രസ്തുത സംവിധാനം ഉപയുക്തമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉള്ളടക്കം: Department User Registration Manual
(along with email copy)

വിശ്വസ്തതയോടെ
(ഒപ്പ്/-)
**കെ.ഗോപാലകൃഷ്ണ കുറുപ്പ്**
അഡ്വക്കേറ്റ് ജനറൽ

അംഗീകാരത്തോടെ,

aru 12/06

അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി